LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദേശപ്രകാരം ഭക്ഷ്യസുരക്ഷാ ജോയിന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ മൂന്നംഗ ഉദ്യോഗസ്ഥ സംഘം തമിഴ്നാട്ടിലെ പ്രധാനപ്പെട്ട പച്ചക്കറി ഉല്പാദന മൊത്തവിതരണ കച്ചവട മേഖലകൾ നേരിട്ട് സന്ദർശിച്ച് റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിളിച്ചുചേർത്ത ഉന്നതതലയോഗം പരിശോധിക്കുകയും പ്രസ്തുത വിഷയത്തിന്റെ ഗൗരവം ഉൾക്കൊണ്ട് അയൽ സംസ്ഥാന മുഖ്യമന്ത്രിമാർക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കത്തെഴുതുകയും ചെയ്തു. തുടർനടപടികളുടെ ഭാഗമായി അന്തർസംസ്ഥാന ചെക്ക്പോസ്റ്റ് കേന്ദ്രീകരിച്ച് സംസ്ഥാനത്തേക്ക് കൊണ്ടുവരുന്ന പച്ചക്കറികളുടെ കൂടുതൽ വിശദാംശങ്ങൾ തേടുന്നതിനായി വിജ്ഞാന നികുതി വകുപ്പിന്റെ സേവനവും തേടിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ വിപണികളിൽനിന്ന് കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെകൂടി സേവനം ഉപയോഗപ്പെടുത്തി കൂടുതൽ പച്ചക്കറി സാമ്പിളുകൾ ശേഖരിക്കുവാനും ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്. ടി വിഷയവുമായി ബന്ധപ്പെട്ട തമിഴ്നാട്ടിലെ ഭക്ഷ്യ സുരക്ഷാ കമ്മീഷണറും കൃഷി വകുപ്പുമായി കൂടുതൽ വിപുലവും ക്രിയാത്മകവുമായ ചർച്ച ഉടൻതന്നെ സംഘടിപ്പിക്കുന്നതാണ്.

ലാബ് ടെക്നീഷ്യൻ തസ്തികകൾ

18(715) ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സി.എച്ച്.എസ്, റ്റി.എച്ച്.കൾ, ജനറൽ ജില്ലാ ആശുപത്രികളിൽ ഇവയുടെ നിലവാരമനുസരിച്ച് എത്ര ലാബ് ടെക്നീഷ്യൻ ഗ്രേഡ് II തസ്തികകൾ വീതമാണ് ഓരോ ആശുപത്രികളിലും ഉണ്ടാകേണ്ടതെന്ന് വ്യക്തമാക്കുമോ; ഇതനുസരിച്ച് പത്തനംതിട്ട ജില്ലയിലെ ഈ വിഭാഗത്തിൽപ്പെടുന്ന വിവിധ ആശുപത്രികളിൽ ലാബ് ടെക്നീഷ്യൻമാരുടെ എത്ര തസ്തിക വീതമാണുള്ളതെന്ന് ആശുപത്രികളുടെ പേരുകൾ സഹിതം വ്യക്തമാക്കുമോ;

(ബി) 4-2-2014-ൽ പി.എസ്.സി. തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും ഇതിനോടകം എത്ര പേർക്ക് നിയമനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെട്ടതിനുശേഷം ജില്ലയിലെ ഏതെങ്കിലും ആശുപത്രികളിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് II തസ്തികയിലേക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം വഴി ആർക്കെങ്കിലും സ്ഥലം മാറ്റം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്ക്, ഏതൊക്കെ ആശുപത്രികളിലായി ഇവരെ നിയമിച്ചുവെന്നും ആളുകളുടെ പേരും ഇവർ ജോയിൻ ചെയ്ത തീയതിയും സഹിതം

വ്യക്തമാക്കാമോ; ജോയിൻ ചെയ്തതിനുശേഷം ഇവരിൽ ആർക്കെങ്കിലും വീണ്ടും സ്ഥലം മാറ്റം നൽകുകയുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആർക്ക്, എങ്ങോട്ടാണ് സ്ഥലം മാറ്റം നൽകിയത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലനിൽക്കുമ്പോൾ ഇത്തരം സ്ഥലം മാറ്റം നൽകുന്നത് നിയമവിരുദ്ധമല്ലേ;

(ഇ) ജില്ലയിൽ ഇടുതരം ലാബ് ടെക്നിഷ്യൻ ഗ്രേഡ് II തസ്തികകൾ അനുവദിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഓരോ ആശുപത്രിയിലെയും കിടക്കകളുടെ എണ്ണം, ഒ.പി., ഐ.പി. എന്നിവ കണക്കിലെടുത്ത് അതിന് ആനുപാതികമായാണ് ലാബ് ടെക്നിഷ്യൻ തസ്തികകൾ സൃഷ്ടിക്കുന്നത്. പത്തനംതിട്ട ജില്ലയിൽ നിലവിൽ ജില്ല ജനറൽ, താലൂക്ക്, സാമൂഹികാരോഗ്യ കേന്ദ്രം എന്നീ സ്ഥാപനങ്ങളിൽ അനുവദിച്ചിട്ടുള്ള ലാബ് ടെക്നിഷ്യൻ ഗ്രേഡ്-2 ന്റെ തസ്തികയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(ബി) ഒൻപത് പേർക്ക് നിയമനം ലഭിച്ചിട്ടുണ്ട്.

(സി&ഡി) ആർക്കും സ്ഥലംമാറ്റം ലഭിച്ചിട്ടില്ല.

(ഇ) സംസ്ഥാനത്തൊട്ടാകെയുള്ള ആശുപത്രികളിൽ 667 ലാബ് ടെക്നിഷ്യന്മാരുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

ആർ.സി.സി.-യിലെ നിയമനം പി.എസ്.സി.-ക്ക് വിടുന്നതിനുള്ള നടപടി

19(716) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.സി.സി.-യിലെ നിയമനം പി.എസ്.സി. -ക്ക് വിടുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ആർ.സി.സി.-യിലെ രോഗികളുടെ ചികിത്സേതര ആവശ്യങ്ങൾക്ക് സഹായകമാകുവാൻ എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്;

(സി) ആർ.സി.സി.-യിൽ സ്തനാർബുദം, ശസ്ത്രക്രിയ എന്നീ വിഭാഗങ്ങളിലെ ഒ.പി. പ്രവർത്തിക്കുന്ന ഭാഗത്ത് രോഗികൾക്ക് തിങ്ങി നിറഞ്ഞു നിൽക്കേണ്ട അവസ്ഥയുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly